(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിലെ പഴം, പച്ചക്കറി തോട്ടങ്ങൾ കൃഷിവകുപ്പ് നേരിട്ടുനടത്തുന്നവയാണ്.

(സി) കാർഷിക കയറ്റുമതി മേഖല പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 4 ഫാമുകളിൽ അതായത് ബനാന നഴ്സറി പെരിങ്ങമ്മല, സ്റ്റേറ്റ് വെജിറ്റബിൾ ഫാം വണ്ടിപ്പെരിയാർ, പാലക്കാട് ജില്ലയിലെ എരുത്താംപതി ഫാം എന്നിവിടങ്ങളിൽ പഴം, പച്ചക്കറി എന്നിവയുൾപ്പെടെ കൃഷി ചെയ്യുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്.

വികസനപ്രവർത്തനങ്ങൾക്കായി എടുത്ത വായ്പ

*18 [228] ശ്രീ. വർക്കല കഹാർ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികസനപ്രവർത്തനങ്ങൾക്കായി എന്തു തുക വായ്പ എടുത്തു; അതിന്റെ എത്ര ശതമാനം പ്രസ്തുത ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്തെടുത്ത വായ്പയുടെ എത്ര ശതമാനമാണ് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചിട്ടുള്ളത് എന്നു പറയാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികസന പ്രവർത്തനങ്ങൾക്കായി ജി.ഐ.സി., എൽ.ഐ.സി., എൻ.സി.ഡി.സി. എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും 1458.20 കോടി രൂപയും പൊതുവിപണിയിൽനിന്നും 2419.13 കോടി രൂപയും കേന്ദ്ര ഗവൺമെന്റിൽനിന്നും 2628.26 കോടി രൂപയും വായ്പയെടുക്കുകയും അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക റീ-ഇംപേഴ്സ്മെന്റ് വായ്പയായി നബാർഡിൽനിന്നും 323.08 കോടി രൂപയും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ലഭിച്ച തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്.

(ബി) മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

വാനില കൃഷി

*19 [229] ശ്രീ. കെ. ബാബു:
,, എം. പി. ഗംഗാധരൻ:
,, ലൂഡി ലൂയിസ്:
,, ഡൊമിനിക് പ്രസന്റേഷൻ:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാനില കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly